പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 4227

21/07/2015-ൽ മറുപടിയ്ക്ക്

## ഹോർട്ടികോർപ്പിന്റെ വിറ്റ് വരവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) 2014-15- ൽ ഹോർട്ടികോർപ്പിന്റെ വിറ്റ് വരവ് എത്രയാണ്; സബ്സിഡിയിനത്തിൽ എത്ര തുക ചെലവഴിച്ചു; പൊതുവിപണിയെക്കാൾ കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നങ്ങൾ വിൽക്കാൻ ഹോർട്ടികോർപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്? | എ) 2014-15 സാമ്പത്തികവർഷത്തിൽ ഹോർട്ടികോർപ്പിന്റെ വിറ്റുവരവ് 8712.58 ലക്ഷം (പ്രൊവിഷണൽ) രൂപയാണ്. സബ്സിഡി ഇനത്തിൽ 2014 ഓണക്കാലത്ത് 7.69 കോടി രൂപ ചെലവഴിച്ചു.<br><br>സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ പരമാവധി സംഭരിക്കുകയും കേരളത്തിൽ ലഭ്യമല്ലാത്തവ അയൽ സംസ്ഥാനങ്ങളിലെ മൊത്തവ്യാപാര വിപണനകേന്ദ്രങ്ങളിലെ ലേലത്തിൽ പങ്കെടുത്ത് സംഭരിച്ച് പൊതുവിപണിയിലെ വില്പനവിലയെക്കാൾ വിലകുറച്ചാണ് ഹോർട്ടികോർപ്പ് വിപണനം നടത്തിവരുന്നത്. ഓണം, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ സർക്കാർ പ്രഖ്യാപിക്കുന്ന സബ്സിഡി നിരക്കിൽ പഴം പച്ചക്കറികൾ വിപണനം ചെയ്തുവരുന്നു. |

സെക്ഷൻ ഓഫീസർ